GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/09/2026

1. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 2 -ന് ലോക നാളികരേ ദിനാചരണവും, മികച്ച നാളികേര കർഷകർക്കുള്ള ദേശീയ അവാർഡുകളുടെ വിതരണവും തിരുവനന്തപുരത്ത് വഴുതക്കാട് മൗണ്ട് കാർമൽ കൺവൻഷൻ സെന്ററിൽ വെച്ച് നടത്തുന്നു. കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് അധ്യക്ഷത വഹിക്കുന്ന ഈ ചടങ്ങിന്റെ ഉദ്ഘാടനം കേരള മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ രാവിലെ 9.30 ന് നിർവ്വഹിക്കുന്നു. മുഖ്യാതിഥിയായി പങ്കെടുക്കുന്ന കേന്ദ്ര കൃഷി കർഷക ക്ഷേമ സഹമന്ത്രി ശ്രീ.രാംനാഥ് ഠാക്കൂർ, ദേശീയ അവാർഡുകളുടെ പ്രഖ്യാപനവും വിതരണവും നിർവഹിക്കും. ഗതാഗതവകുപ്പ മന്ത്രി  സി.പി ജോണും റവന്യൂ വകുപ്പ മന്ത്രി എ.പി അനിൽകുമാറും പങ്കെടുക്കുന്നു.

2. സംസ്ഥാനത്ത് 2026 ജൂലൈ 29 മുതൽ ആഗസ്റ്റ് 10 വരെ ഉണ്ടായ പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ആശ്വാസമായി, പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായത്തിനും വിള ഇൻഷ്വറൻസ് നഷ്ടപരിഹാരത്തിനും അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി സെപ്റ്റംബർ 5 വരെ നീട്ടിയതായി കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് അറിയിച്ചു. ഇതുവരെ അപേക്ഷ സമർപ്പിക്കാൻ സാധിക്കാത്ത അർഹരായ എല്ലാ കർഷകർക്കും സെപ്റ്റംബർ 5-നകം AIMS പോർട്ടൽ വഴിയോ സമീപത്തെ കൃഷിഭവനുമായി ബന്ധപ്പെട്ടോ അപേക്ഷ സമർപ്പിക്കാം.
3. എം.എസ്.സ്വാമിനാഥൻ ഗവേഷണനിലയവും ജെ.എസ്.ഡബ്ല്യൂ ഫൗണ്ടേഷനും ചേർന്ന് ഏർപ്പെടുത്തിയ മഹിളാ കൃഷിശ ക്തി പുരസ്കാരങ്ങൾക്ക് നാമനിർദേശംക്ഷണിച്ചു. 18 വയസ്സിന് മുകളിലുള്ള വനിതകൾക്കും വനിതകൾ നയിക്കുന്ന സ്ഥാപനങ്ങൾക്കും നാമനിർദേശം സമർപ്പിക്കാം. ജേതാക്കൾക്ക് 7 ലക്ഷം രൂപ വരെ സമ്മാനം ലഭിക്കും. വിത്തുകളും ജൈവവൈവിധ്യവും, തദ്ദേശീയ അറിവുകളും കാലാവസ്ഥാ പ്രതിരോധശേഷിയും പരിസ്ഥിതിസംരക്ഷണവും, പോഷകാഹാര സുരക്ഷയും ഗ്രാമീണ ഉപജീവനവും എന്നീ 3 വിഭാഗങ്ങളിലായാണു പുരസ്കാരങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് 044 22541229 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
4. റബ്ബർബോർഡിന്റെ കീഴിൽ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.സി.) റബ്ബറിന്റെ ശാസ്ത്രീയമായ വിളവെടുപ്പിലുള്ള പരിശീലനം 2026 സെപ്റ്റംബർ 07 മുതൽ 11 വരെയുള്ള തീയതികളിൽ

നടത്തപ്പെടുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ് കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്‌രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകഔഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള റബ്ബർകർഷകർക്കും തോട്ടംമേഖലയിൽനിന്നുള്ളവർക്കും അപേക്ഷിക്കാം. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9207485392 എന്ന ഫോൺനമ്പറിൽ ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ്സൈറ്റായ (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യുക.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി, പടന്നക്കാട്, അമ്പലവയൽ എന്നീ കാർഷിക കോളേജുകളിൽ 2026-27 അധ്യയന വർഷം മുതൽ റിവോൾവിംഗ് ഫണ്ട് രീതിയിൽ അധിക ബാച്ചായി ആരംഭിക്കുന്ന 'ബി.എസ്.സി. (ഓണേഴ്സ്) ഹോർട്ടിക്കൾച്ചർ കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 14.09.2026. യോഗ്യത, പ്രവേശന രീതി, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന സർവകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക.
6. ഒന്നാം വിള ( വിരിപ്പ് ) വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ കർഷകരിൽ നിന്ന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. 2026 ഡിസംബർ 31 നകം കൊയ്ത്ത് പൂർത്തിയാകുന്ന എല്ലാ കർഷകരും സെപ്റ്റംബർ 30 നകം

രജിസ്ട്രേഷൻ പൂർത്തിയാക്കണം. നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ www.supplycopaddy.in എന്ന വെബ് സൈറ്റ്ലൂടെയോ അപേക്ഷ സമർപ്പിക്കാം. ഓരോ പാട ശേഖരത്തിനും, നെല്ലിനത്തിനും, ഭൂമി രീതിക്കും വെവ്വേറേ അപേക്ഷകൾ സമർപ്പിക്കണം.

7. വെള്ളായണി കാർഷിക കോളേജിലെ Molecular Biology & Biotechnology വിഭാഗത്തിൽ **ബയോഇൻഫർമാറ്റിക്സ്** വിഷയം കൈകാര്യം ചെയ്യുന്നതിനായി ഒരു അസിസ്റ്റന്റ് പ്രൊഫസർ - നെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സെപ്റ്റംബർ 23-ന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. പ്രതിമാസം പരമാവധി വേതനം 44,100/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. കരാർ അടിസ്ഥാനത്തിൽ പരമാവധി ഒരു വർഷത്തേക്കോ, സ്ഥിരനിയമനം/ സ്ഥലംമാറ്റം മുഖേന ഒഴിവ് നികത്തൽ നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ഉള്ള കാലയളവിലേക്കാണ് നിയമനം. **ബയോഇൻഫർമാറ്റിക്സ്** - ൽ ബിരുദാനന്തര ബിരുദവും, പി.എച്ച്.ഡി / നെറ്റ് യോഗ്യതയും ഉള്ള ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസയോഗ്യത, വയസ്സ്, ജാതി, മേൽവിലാസം തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്കൾ, തിരിച്ചറിയൽ രേഖ, സംവരണത്തിന് അർഹരാണെന്ന് തെളിയിക്കുന്ന രേഖകൾ, പ്രവർത്തി പരിചയം തെളിയിക്കുന്ന രേഖകൾ എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളും, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം തിരുവനന്തപുരത്തുള്ള വെള്ളായണി

കാർഷിക കോളേജ്, ഡീൻ ഓഫ് ഫാക്കൽറ്റിയുടെ ഓഫീസിൽ 23/09/2026–ന് രാവിലെ 09.30 മണിക്ക് ഹാജരാകേണ്ടതാണ്. നെറ്റ്/Ph.D യോഗ്യതയുള്ളവരുടെ അഭാവത്തിൽ നെറ്റ് യോഗ്യതയില്ലാത്തവരെയും പരിഗണിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 0471–2381002, 2381915 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടുകയോചെയ്യുക.